**പ്രധാനമന്ത്രിക്ക് ഓർഡർ ഓഫ് ഒമാൻ സമ്മാനിച്ചു (ഡിസംബർ 18, 2025)**

ഡിസംബർ 18, 2025

ഇന്ത്യ-ഒമാൻ ബന്ധങ്ങൾക്ക് നൽകിയ അസാധാരണ സംഭാവനകളും ദീർഘവീക്ഷണമുള്ള നേതൃത്വവും പരിഗണിച്ച് ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് 'ഓർഡർ ഓഫ് ഒമാൻ ബഹുമതി നൽകി ആദരിച്ചു.

2. ഇരു രാജ്യങ്ങളും തമ്മിലുള്ള കാലാതീതമായ സൗഹൃദത്തിന് ഈ ബഹുമതി സമർപ്പിച്ച പ്രധാനമന്ത്രി, ഇന്ത്യയിലെ 1.4 ബില്യൺ ജനങ്ങളും ഒമാനിലെ ജനങ്ങളും തമ്മിലുള്ള ഊഷ്മളമായ ബന്ധത്തിനും ലഭിച്ച ആദരവാണിതെന്ന് വിശേഷിപ്പിച്ചു.

3. ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന പ്രധാനമന്ത്രിയുടെ ഒമാൻ സന്ദർശന വേളയിൽ ഈ ബഹുമതി സമ്മാനിച്ചത് ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന് സവിശേഷ പ്രാധാന്യം നൽകുന്നു.

4. 1970-ൽ സുൽത്താൻ ഖാബൂസ് ബിൻ സെയ്ദ് ഏർപ്പെടുത്തിയ 'ഓർഡർ ഓഫ് ഒമാൻ' പൊതുജീവിതത്തിനും ഉഭയകക്ഷി ബന്ധങ്ങൾക്കും നൽകുന്ന സംഭാവനകൾ കണക്കിലെടുത്ത് തിരഞ്ഞെടുക്കപ്പെട്ട ലോക നേതാക്കൾക്കാണ് സമ്മാനിക്കുന്നത്.

**മസ്കറ്റ്**

**ഡിസംബർ 18, 2025**